
# 'നെൽവയൽ – തണ്ണീർത്തട സംരക്ഷണ' നിയമം സുതാര്യമായി നടപ്പിലാക്കുമ്പോൾ

ഡോ. എ. ലത



കാടുകളെ പോലെ തന്നെ തണ്ണീർത്തടങ്ങളും നെൽവയലുകളും മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും അതുല്യമായ പങ്ക് വഹിക്കുന്നു. ലോകജനസംഖ്യയുടെ പകുതിയിലധികവും അരിയാഹാരക്കാരാണെന്നും നാം ഓർക്കണം. തണ്ണീർത്തടങ്ങളും നെൽവയലുകളും ശുദ്ധജലം ഉറപ്പുവരുത്തിക്കൊണ്ടും, ജലവിതാനം നിലനിർത്തിക്കൊണ്ടും മത്സ്യവൈവിദ്ധ്യവും അവയെ ആശ്രയിച്ചു നിത്യവൃത്തി കഴിക്കുന്ന ലക്ഷക്കണക്കിന് മനുഷ്യരുടെ പോഷകാഹാരം ഉറപ്പുവരുത്തിക്കൊണ്ടും പൈതൃക സംരക്ഷണം നടത്തിയും പ്രകൃത്യായുള്ള മഴവെള്ള സംഭരണം നടത്തിക്കൊണ്ടും.... അങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത പാരിസ്ഥിതിക -സാമൂഹിക ധർമ്മങ്ങൾ ചെയ്തു പോരുന്നു. 1990കൾക്കുശേഷം കേരളത്തിലെങ്ങും ഒരു പകർച്ചവ്യാധി പോലെ പടർന്നു പിടിച്ച നെൽവയൽ നികത്തലും സമാന്തരമായി വർദ്ധിച്ചുവരുന്ന ജലക്ഷാമവും നമ്മൾ കൂട്ടിവായിക്കേണ്ടതുണ്ട്. പെയ്യുന്ന മഴയെ സംഭരിച്ചു നിർത്താനാകാതെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമ വെള്ളപ്പൊക്കം, വെള്ളക്കെട്ട്, ജലനിധി രോഗങ്ങൾ എന്നീ പ്രതിഭാസങ്ങളും നെൽവയൽ നികത്തലുമായി ബന്ധപ്പെട്ടു കിടക്കുന്നു. അതുകൊണ്ട് തന്നെ ഇത്തരുണത്തിൽ സർക്കാർ മുന്നോട്ടു വെക്കുന്ന 'നെൽവയൽ തണ്ണീർ തട സംരക്ഷണ നിയമം 2007' പ്രാബല്യത്തിൽ വരാൻ ഇനി അമാന്തം അരുത്.

കരടു നിയമത്തിന്റെ പൊതു തെളിവെടുപ്പ് ഇക്കഴിഞ്ഞ നവംബർ 6-ന് തൃശൂരിൽ വെച്ച് നടന്നു. നിറഞ്ഞു കവിയുന്ന ഹാളിൽ ഏറ്റവും ശക്തമായി ഉയർന്നുവന്ന നിർദ്ദേശം, "നെൽവയലുകളെ നിലനിർത്തുന്ന നെൽകർഷകന്റെ സംരക്ഷണവും തുല്യപ്രാധാന്യം അർഹിക്കുന്നു എന്നതാണ്," വളരെ ശരിയാണ് താനും. കാരണം, നെൽകൃഷി ചെയ്യുന്ന ഓരോ കർഷകനും നമുക്ക് ഭക്ഷണം ഉറപ്പാക്കുന്ന മഹത്തായ കർമ്മത്തിനു പുറമെ, നെൽവയലുകൾ നിലനിർത്തിക്കൊണ്ട് ഇതിനൊന്നും മൂല്യം കൽപ്പിക്കാത്ത പൊതുസമൂഹത്തിനുവേണ്ടി ജലസംരക്ഷണവും നീർത്തട സംരക്ഷണവും നടത്തുക വഴി അതിമഹത്തായ ഒരു പാരിസ്ഥിതിക കർമ്മം നിർവഹിച്ചുപോരുന്നു. സമൂഹത്തിലെ ഏതു 'സർവ്വീസ് സെക്ടർ' തൊഴിലിനേക്കാൾ മഹത്തായ ഒരു തൊഴിലായി നെൽകൃഷിയെ കാണാൻ ഈ ഒരൊറ്റ കാരണം മതിയാകും. അതുകൊണ്ടു തന്നെ നെൽവയലുകളെ സംരക്ഷിക്കാൻ റവന്യൂ വകുപ്പ് തയ്യാറെടുക്കുമ്പോൾ അതിന്റെ കൂടെ തന്നെ നെൽകൃഷിയേയും നെൽകർഷകനേയും സംരക്ഷിക്കുന്ന നിയമ നിർമ്മാണത്തിൽ കൃഷിവകുപ്പും ചേരുകയാണെങ്കിൽ സമഗ്രമായ ഒരു 'നെൽവയൽ–നെൽകൃഷി–സംരക്ഷണ നിയമം' കാലതാമസമില്ലാതെ പ്രാബല്യത്തിൽ കൊണ്ടുവരാൻ സാധിക്കും. അത് കുറച്ചുകൂടി സമഗ്രമായി നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും.

എന്നാൽ നിയമം പ്രാബല്യത്തിൽ വരുമ്പോൾ നേരിടാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ കുറച്ച് നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്നു.

1. നെൽവയൽ സംരക്ഷണം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കൃഷിവകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത ഉത്തരവാദിത്വമാണ്. അതുകൊണ്ട് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തലത്തിലും (ഗ്രാമപഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത്) നെൽവയൽ സംരക്ഷണ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. കൃഷി ഓഫീസർ/കൃഷി അസി. ഡയറക്ടർ കൺവീനറായും, പ്രസിഡണ്ട്/വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ചെയർമാനായും ബന്ധപ്പെട്ട പാടശേഖരസമിതി സെക്രട്ടറിമാരും റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻ മെമ്പറായും അടങ്ങുന്ന നെൽവയൽ സംരക്ഷണസമിതികൾ രൂപീകരിക്കണം.

2. നെൽവയൽ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നിലവിലുള്ള പാടശേഖരങ്ങൾ/നെൽവയലു

കൾ/തണ്ണീർത്തടങ്ങൾ എന്നിവയുടെ സർവ്വേനമ്പർ സഹിതമുള്ള ലിസ്റ്റ് തയ്യാറാക്കി നോട്ടീസ് ബോർഡിൽ പൊതുജന അഭിപ്രായത്തിന് വേണ്ടി പതിപ്പിക്കേണ്ടതാണ്. നെൽവയലുകളുടെ മോണിറ്ററിംഗ്, ബന്ധപ്പെട്ട റിപ്പോർട്ടുകൾ, പരാതികൾ എന്നിവയെല്ലാം കൈകാര്യം ചെയ്യുന്ന ചുമതല ഈ സമിതിയിൽ നിക്ഷിപ്തമാണ്.

3. ജില്ലാതലത്തിലും ജില്ലാകളക്ടർ, ജില്ലാ കൃഷി ഓഫീസർ, ഡിവിഷണൽ റവന്യൂ ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, മൂന്ന് പാടശേഖര സമിതി സെക്രട്ടറിമാർ എന്നിവർ അടങ്ങുന്ന നെൽവയൽ സംരക്ഷണ സമിതികളും രൂപീകരിക്കേണ്ടതുണ്ട്.

4. കരട് നിയമത്തിന്റെ സെക്ഷൻ 5ൽ 'പൊതു ആവശ്യങ്ങൾക്കു വേണ്ടി നെൽവയലുകൾ വിട്ടുകൊടുക്കാവുന്നതാണ്' എന്നെഴുതികാണുന്നു. എന്നാൽ പൊതുആവശ്യത്തിന്റെ മറവിൽ തന്നെയാണ് നിലവിൽ ഒരുപാട് വയലുകൾ നികത്തിപോകുന്നത്. അതുകൊണ്ട് നെൽവയൽ സംരക്ഷണ സമിതികൾ വഴി 'പൊതു ആവശ്യങ്ങൾ' ഏതാണ്, എന്തിനാണ്, അത് അത്രത്തോളം ഒഴിച്ചുകൂടാനാവാത്തതാണ് അത് ചുറ്റുമുള്ള വയലുകളെ എങ്ങനെ ബാധിക്കും എന്നതൊക്കെ പൊതുജന പങ്കാളിത്തത്തോടെ അന്വേഷിക്കേണ്ടതുണ്ട്. പൊതുജന നിലപാട് അറിയേണ്ടതുണ്ട്. പ്രക്രിയ സുതാര്യമാക്കൽ നിയമത്തിന്റെ ലക്ഷ്യമായിരിക്കണം.

5. ഒരിക്കൽ നികത്തിയ നെൽവയൽ വീണ്ടും വീണ്ടും കൈമാറ്റം ചെയ്ത് 'റിയൽ എസ്റ്റേറ്റ് ബിസിനസ്സ്' വസ്തുവാകുന്ന കാഴ്ച ഇന്ന് കേരളത്തിൽ സർവ്വസാധാരണമാണ്. ഇത്തരം കൈമാറ്റങ്ങൾ ഇല്ലാതാക്കാനുള്ള സാഹചര്യങ്ങളും നിയമത്തിന്റെ ഭാഗമാകണം.

6. കേരളത്തിലെ പ്രധാന നെല്ലറകളായ കുട്ടനാട്, പാലക്കാട്, കോൾ നിലങ്ങൾ പോലത്തെ പാടശേഖരങ്ങളിൽ യാതൊരു കാരണവശാലും ഏതു പൊതു ആവശ്യത്തിനായാലും നെൽവയലുകൾ നികത്താൻ അനുവദിക്കാൻ പാടില്ല എന്നതും നിയമത്തിൽ ചേർക്കേണ്ടിവരും. തുണ്ടുകളായി മാറിയ വയലുകളെയും വിശാലമായ കോൾ, കുട്ടനാട്, പാലക്കാട് മേഖലകളിലെ പാടശേഖരങ്ങളെയും ഒരേ തട്ടിൽ കാണാതെ, വ്യത്യസ്ത സമീപനവും നിയമത്തിൽ കൂടി പ്രാബല്യത്തിൽ വരേണ്ടിവരും.

7. മറ്റേതൊരു കൃഷിക്കാരനേക്കാളും സമൂഹത്തിൽ ഉയർന്ന സ്ഥാനം ലഭിക്കേണ്ട വ്യക്തിയാണ് നെൽകർഷകർ. അതുകൊണ്ട് തന്നെ നെൽകൃഷി നിർത്താൻ പ്രേരിപ്പിക്കുന്ന നെൽവയൽ നില നിർത്താൻ ഉതകുന്ന മറ്റ് സാമൂഹിക സുരക്ഷാ പദ്ധതികൾ നെൽകർഷകർക്കും ലഭ്യമാകണം. കഴിഞ്ഞ 30 -40 വർഷമായി പരമ്പരാഗതമായി നെൽകൃഷി തുടർന്നുപോരുന്ന കൃഷിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമൂഹിക സുരക്ഷ, മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ഉറപ്പാക്കണം. കൃഷിയിൽനിന്നും അപ്രതീക്ഷിതമായികൊണ്ടിരിക്കുന്ന ഇളംതലമുറയെ തിരിച്ചുകൊണ്ടുവരാൻ ഉതകുന്ന സാമൂഹിക സുരക്ഷാ പദ്ധതികളും മറ്റും സമഗ്രമായ നെൽവയൽ -നെൽകൃഷി സംരക്ഷണ നിയമത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാവുന്നതാണ്.

8. അനധികൃതമായി നെൽവയൽ നികത്തൽ അനുവദിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉൽപ്പാദന മേഖലയിലെ പദ്ധതി വിഹിതം തത്തുല്യമായി കുറയ്ക്കാനുള്ള നടപടികളും ജില്ലാതല നെൽവയൽ സംരക്ഷണ സമിതി കൈക്കൊള്ളേണ്ടതായി വരും. നിയമം നടപ്പിലാക്കൽ കാര്യക്ഷമമാക്കാനും നിയമത്തിന്റെ മറവിൽ അനധികൃത വയൽനികത്തൽ തടയാനും ഇത് സഹായകമാകും.

നിയമത്തിന്റെ പരിധി 'നീർത്തട സംരക്ഷണത്തിന്റെ' തലത്തിലേക്ക് ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ കുന്നിടിക്കലും കരിങ്കൽ ഖനനവും മറ്റും നിയമപരിരക്ഷയുടെ കീഴിൽ കൊണ്ടുവരേണ്ടതുണ്ട്, ഒട്ടും വൈകാതെ.

*കാർത്തിക, ഒല്ലൂർ, തൃശൂർ*

### എരയാംകുടി കർഷകസമരം

## വെള്ളവും മണ്ണും രക്ഷിക്കാൻ കർഷകർ

എറണാകുളം : തൃശൂർ ജില്ലയിലെ അന്നമനട പഞ്ചായത്തിലും എറണാകുളം ജില്ലയിലെ പാറക്കടവ് പഞ്ചായത്തിനുമിടയിൽ സ്ഥിതിചെയ്യുന്ന മുന്നോറോളം ഏക്കർ നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ ഉശിരൻ കർഷകസമരം. ഇഷ്ടകകളങ്ങളാക്കി മാറ്റികൊണ്ടിരിക്കുന്ന നെൽവയലുകൾ വീണ്ടെടുത്ത് കൃഷിയിറക്കാനാണ് ഇപ്പോൾ നാട്ടുകാർ രംഗത്ത് വന്നിരിക്കുന്നത്. എളവൂർ പ്രദേശത്തെ ഇഷ്ടിക കളങ്ങൾക്ക് പണ്ടേ നിയമലംഘനത്തിന്റെ കുപ്രസിദ്ധിയുണ്ട്. പലരീതിയിൽ കൃഷിക്കാരിൽനിന്നും ഇഷ്ടികമുതലാളിമാരിലേക്ക് കൈമാറികിട്ടിയ പൊന്നുവിളയുന്ന ഭൂമി വലിയൊരു വ്യവസായശാല പോലെ സമീപവാസികളെ ആട്ടിയോടിക്കാൻ വന്നുകൊണ്ടിരിക്കുമ്പോൾ വർത്തമാനത്തിലും ഭാവിയിലും ഉൽകണ്ഠയുള്ള സുരക്ഷിത ജീവിതം ആഗ്രഹിക്കുന്ന നാട്ടുകാരെ ജയശ്രീ ടീച്ചറുടെ നേതൃത്വത്തിലുള്ള ഒരു സംഘം പ്രവർത്തകർ സംഘടിപ്പിച്ചതിന്റെ ഫലമാണ് കൃഷിയിറക്കലും പന്തൽകെട്ടി സമരവും നിയമയുദ്ധവും എല്ലാം. ഇടതുപക്ഷം ഉൾപ്പെടെയുള്ള സാമ്പത്തിക ലോബികൾ തൊഴിലും മറ്റും പറഞ്ഞ് ജീവിതം നശിപ്പിക്കാൻ കുഴിയെടുപ്പുക്കാരുടെയും നിലം നശിപ്പിക്കാൽക്കാരുടെയും കൂട്ടുചേർന്നിരിക്കുകയാണ്. നീതിക്കുവേണ്ടിയുള്ള ഈ സമരം അവരുടെ കൃഷിയിടം മാത്രമല്ല, എല്ലാവരുടെയും ഭൂമിയും വിഭവങ്ങളും സംരക്ഷിക്കാനാണ്. നമ്മുടെ പിന്തുണ തീർച്ചയായും അവർക്കൊപ്പം ഉണ്ടാകേണ്ടതുണ്ട്.

*വിവരങ്ങൾക്ക് : 0480 3249996*